# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്താറ്

## പുതിയ ഉടമ്പടി

മുൻപറഞ്ഞ അഞ്ചു ദൂതുകൾക്കുശേഷം, പുതിയ ഉടമ്പടിയെ മനസിലാക്കുവാൻ നാം ഇപ്പോൾ യോഗ്യതയുള്ളവരാണ്. പുതിയ ഉടമ്പടി എന്താണെന്ന് ഈ ദൂതിൽ നാം കാണണം.

തന്റെ ദിവ്യ ഉദ്ദേശ്യത്തോടുകൂടെ ദൈവത്തിന് ഒരു നിത്യലക്ഷ്യമുണ്ട്. ദൈവത്തിന്റെ ഇംഗിതം, അവനും നാമും, നാമും അവനും, ഒരുമിച്ച് ഇഴുകിച്ചേർന്ന്, സർവ പ്രപഞ്ചത്തിനും അവന്റെ ആവിഷ്കാരമായിത്തീരുന്നതുവരെ അവനെത്തന്നെ നമ്മിലേക്ക് പകർന്ന് നമ്മുടെ ജീവനും സകലവുമായി നമ്മിലേക്ക് പണിതുചേർക്കുക എന്നതാണ്. ഈ പ്രക്രിയയിൽ, ദിവ്യത്വം മനുഷ്യ ത്വത്തിലേക്ക് പണിതുചേർക്കപ്പെടുകയും, മനുഷ്യത്വം ദിവ്യത്വവുമായി ഇഴുകിച്ചേരുകയും ചെയ്യുന്നു. ദൈവം ദൈവമാകുന്നു, എന്നാൽ അവൻ മനുഷ്യനായിത്തീർന്നു. നാം മനുഷ്യരാകുന്നു, എന്നാൽ നമുക്ക് ദൈവത്തിന്റെ ജീവനും സ്വഭാവവും ഉണ്ട്. ഇത് ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ ഹ്രസ്വമായ ഒരു നിർവചനമാണ്.

ദൈവം ഈ ലക്ഷ്യം നിവർത്തിക്കുന്നതിനുമുമ്പ്, സാത്താൻ മനുഷ്യന്റെയും നിരവധി ദൂതഗണങ്ങളുടെയും പതനത്തിന് ഇടയാക്കി. ഒരർഥത്തിൽ, ഇത് ദൈവത്തെ വിഷമത്തിലാക്കി, എന്നാൽ മറ്റൊരർഥത്തിൽ, അവന്റെ ജ്ഞാനം വെളിപ്പെടുത്തുവാൻ ഇത് ദൈവത്തിന് ഒരു നല്ല അവസരം നൽകി. ഒന്നാമതായി, പ്രതിലോമ വശത്ത്, ദൈവോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനു തടസ്സമായി പാപം വന്നതുകൊണ്ട്, ദൈവത്തിന് പാപത്തോടു ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിഹരിക്കുകയും പാപത്തെ നീക്കികളയുകയും ചെയ്യണമായിരുന്നു. രണ്ടാമതായി, അനുലോമ വശത്ത്, ദൈവം അവനെത്തന്നെ നമ്മുടെ ജീവനായി നമ്മിലേക്കു വച്ചു. ഈ ജീവൻ ഇനി നമ്മുടെ ആളത്തത്തിന്റെ എല്ലാ ആന്തരിക ഭാഗത്തിലേക്കും നിയന്ത്രകപ്രമാണങ്ങളായി വികാസം പ്രാപിക്കണം. ദൈവം അവനെത്തന്നെ നമ്മുടെ ആത്മാവിലേക്ക് ജീവനായി വച്ചിരിക്കുന്നു, നമ്മുടെ ആത്മാവിൽനിന്നും ഈ ദിവ്യജീവനെ നമ്മുടെ എല്ലാ ആന്തരിക ഭാഗങ്ങളിലേക്കും വ്യാപിക്കുന്ന

പ്രമാണങ്ങളായി അവൻ വികസിപ്പിക്കുന്നു. മൂന്നാമതായി, ഈ ജീവപ്രമാണമനുസരിച്ച്, ദൈവം നമ്മുടെ ദൈവവും, നാം അവന്റെ ജനവുമാണ്. നാലാമതായി, ഈ ജീവൻ നമ്മിലേക്കു വരുകയും, നമ്മുടെ മുഴുവൻ ആളത്തത്തിലേക്കു പകരപ്പെട്ട പ്രമാണമായി വികാസം പ്രാപിക്കുകയും ചെയ്യുമ്പോൾ, ഈ ജീവൻ അതിന്റെ പ്രമാണങ്ങളോടുകൂടെ ദൈവത്തെ ജീവന്റെ മാർഗത്തിൽ അറിയുവാനുള്ള സ്വതസിദ്ധവും സ്വതേ പ്രവർത്തിക്കുന്നതുമായ ആന്തരിക പ്രാപ്തി നൽകുന്നു. ഇത് ഉപദേശത്തിലൂടെ അറിവിനാൽ ദൈവത്തെ അറിയുന്നതല്ല, ജീവന്റെ ആന്തരിക പ്രാപ്തിയാൽ അവനെ അറിയുന്നതാണ്. ദൈവത്തിന് തന്റെ നിത്യോദ്ദേശ്യം നിവർത്തിക്കുന്നതിന് നാലു കാര്യങ്ങൾ ചെയ്യണമായിരുന്നു: പാപത്തെ നീക്കിക്കളയുക; അവനെത്തന്നെ നമ്മുടെ ആത്മാവിലേക്ക് ജീവനായി വയ്ക്കുകയും ഈ ജീവനെ നമ്മുടെ സകല ആന്തരിക ആളത്തത്തിലേക്കും പകരപ്പെട്ട പ്രമാണങ്ങളായി വികസിപ്പിക്കുകയും ചെയ്യുക; ജീവപ്രമാണമനുസരിച്ച് അവനെ നമ്മുടെ ദൈവവും നമ്മെ അവന്റെ ജനവുമാക്കുക; സ്വതേ പ്രവർത്തിക്കുന്ന രീതിയിൽ, ജീവനിൽ അവനെ അറിയുവാനുള്ള ആന്തരിക പ്രാപ്തി നമുക്കു നൽകുക.

ദൈവം ഈ നാലു കാര്യങ്ങൾ ചെയ്യുന്നതിനു മുമ്പ്, ഒന്നാമതായി അവൻ അവയെ ചെയ്യുമെന്ന് തന്റെ ജനവുമായി ഒരു ഉടമ്പടി ചെയ്തുകൊണ്ട് അവർക്ക് വാഗ്ദത്തം ചെയ്തു. ഒരു കരാർ എന്നോ ഒരു സമ്മതപത്രമെന്നോ നാം വിളിക്കുന്നതിന്റെ ഒരു വേദപുസ്തക പദമാണ് ഉടമ്പടി. ഈ കരാറിന്റെ ഉള്ളടക്കം, അവൻ നമ്മുടെ പാപങ്ങൾ നീക്കികളയുമെന്ന ഉറപ്പ് ദൈവം നമുക്കു നൽകുമെന്നും, അവനെത്തന്നെ നമ്മുടെ ആത്മാവിലേക്ക് നമ്മുടെ ജീവനായി വയ്ക്കുകയും ഈ ജീവനെ നമ്മുടെ ആന്തരിക ഭാഗങ്ങളിലെ പ്രമാണങ്ങളായി വികസിപ്പിക്കുമെന്നും, ജീവപ്രമാണ മനുസരിച്ച് അവൻ നമുക്ക് ദൈവമായിരിക്കുകയും നാം അവന് ജനമായിരിക്കുകയും ചെയ്യുമെന്നും, അവനെ അറിയുവാനുള്ള സ്വതസിദ്ധമായ ആന്തരിക പ്രാപ്തി നമുക്കുണ്ടായിരിക്കുമെന്നും ആണ്. ഈ നാലു കാര്യങ്ങളാണ് ദിവ്യ കരാറിന്റെ ഉള്ളടക്കം. ഇതാണ് പുതിയ ഉടമ്പടി.

എന്തുകൊണ്ടാണ് ഇതിനെ പുതിയ ഉടമ്പടി എന്നു വിളിക്കുന്നത്? കാരണം, പുതിയ ഉടമ്പടി സ്ഥാപിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതിനു മുമ്പ് ദൈവം ഒരു പഴയ ഉടമ്പടി ഉണ്ടാക്കിയിരുന്നു. എന്തുകൊണ്ടാണ് അവൻ ആദ്യം പഴയ ഒന്ന് ഉണ്ടാക്കിയത്? കാരണം പുതിയ ഉടമ്പടിയിലെ എല്ലാ കാര്യങ്ങളും വളരെ നിഗൂഢവും അമൂർത്തവുമാണ്. ദൈവം പെട്ടെന്ന് അങ്ങനെയൊരു പുതിയ ഉടമ്പടി ഉണ്ടാക്കിയിരുന്നെങ്കിൽ, ആളുകൾക്ക് അതിനോട് മതിപ്പുണ്ടാകാതെയും അതു മനസ്സിലാക്കുവാൻ കഴിയാതെയും

പോകുമായിരുന്നു. ഒരു നേഴ്സറി വിദ്യാലയത്തിലെ അധ്യാപിക അവളുടെ ക്ലാസിലെ കൊച്ചുകുട്ടികളെ പഠിപ്പിക്കുന്നതുപോലെ ദൈവം നമ്മെ പഠിപ്പിക്കുന്നു. ഉദാഹരണത്തിന്, നായ എന്ന വാക്ക് കുട്ടികളെ പഠിപ്പിക്കുന്നതിനു മുമ്പ്, ഒരു നായയുടെ ചിത്രം അധ്യാപിക അവരെ കാണിക്കുന്നു. ആദ്യം ഒരു ചിത്രവും പിന്നീട് വ്യക്തമായ വാക്കും ഉണ്ട്. അതുപോലെ, ദൈവം ആദ്യം നമുക്ക് ചിത്രം നൽകുകയും, പിന്നീട് യഥാർഥ കാര്യം അവൻ നമ്മോടു പറയുകയും ചെയ്തു. പഴയ ഉടമ്പടി ഒരു ചിത്രമായിരുന്നു. പഴയ ഉടമ്പടിയിൽ പാപത്തിന്റെ മറയ്ക്കലുണ്ടായിരുന്നു, എന്നാൽ പാപക്ഷമയില്ല. പഴയ ഉടമ്പടിയിലെ പാപത്തിന്റെ മറയ്ക്കൽ പുതിയ ഉടമ്പടിയിലെ വരുവാനിരിക്കുന്ന പാപക്ഷമയെ മുൻകൂട്ടി കാണിച്ചു. പഴയ ഉടമ്പടിയിൽ അക്ഷരങ്ങളുടെ പ്രമാണമായ പഴയ പ്രമാണം ഉണ്ടായിരുന്നു. പഴയ ഉടമ്പടിയിലെ അക്ഷരങ്ങളുടെ പ്രമാണം പുതിയ ഉടമ്പടിയിലെ ജീവപ്രമാണത്തിന്റെ നിഴലായിരുന്നു. കൂടാതെ, പഴയ ഉടമ്പടിയിൽ അക്ഷരങ്ങളുടെ പ്രമാണമനുസരിച്ച് താൻ അവരുടെ ദൈവമായിരിക്കുവാൻ പോകുന്നുവെന്നും, അക്ഷരങ്ങളുടെ പ്രമാണമനുസരിച്ച് അവർ അവന്റെ ജനമായിരിക്കുവാൻ പോകുന്നുവെന്നും ദൈവം തന്റെ ജനത്തോടു പറഞ്ഞു. ഇന്ന്, പുതിയ ഉടമ്പടിയിൽ, ദൈവം നമ്മുടെ ദൈവമായിരിക്കുന്നത് അക്ഷരങ്ങളുടെ പ്രമാണമനുസരിച്ചല്ല ജീവന്റെ പ്രമാണമനുസരിച്ചാണ്, നാം അവന്റെ ജനമായിരിക്കുന്നതും ജീവന്റെ പ്രമാണമനുസരിച്ചാണ്. അതു മാത്രമല്ല, പഴയ ഉടമ്പടിയിൽ ന്യായപ്രമാണത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിലൂടെ ദൈവത്തെ അറിയുവാൻ ജനത്തെ പഠിപ്പിച്ചു, എന്നാൽ പുതിയ ഉടമ്പടിയിൽ ജീവന്റെ ആന്തരിക പ്രാപ്തിയാൽ ദൈവത്തെ അറിയുവാൻ നമ്മെ പ്രാപ്തരാക്കിയിരിക്കുന്നു. പുതിയ ഉടമ്പടിയിലെ നാലു വിഷയങ്ങളും പഴയ ഉടമ്പടിയിൽ, യാഥാർഥ്യത്തിന്റെ മാർഗത്തിലല്ല, നിഴലുകളുടെ മാർഗത്തിലാണ് കാണപ്പെട്ടിരുന്നത്. ഇപ്പോൾ പുതിയ ഉടമ്പടിയിൽ നിഴലുകളെ പകരംവയ്ക്കുവാൻ യഥാർഥ കാര്യം നമുക്കുണ്ട്.

നിങ്ങളെ കാണുവാൻ ഞാൻ വരുന്നതിനുമുമ്പ് ഞാൻ എന്റെ ഫോട്ടോ നിങ്ങൾക്ക് അയയ്ക്കുന്നുവെന്നു കരുതുക. ആ ഫോട്ടോ എന്നോട് വളരെ സാമ്യമുള്ളതാണെങ്കിലും, അത് ഞാൻ അല്ല: അത് എന്റെ ചിത്രം മാത്രമാണ്. ജീവനുള്ള വ്യക്തിയായ ഞാൻ നിങ്ങളെ കാണാൻ വരുമ്പോൾ, എന്റെ സാന്നിദ്ധ്യം തീർച്ചയായും ഫോട്ടോയ്ക്ക് പകരമാകും. ഞാൻ വരുമ്പോൾ നിങ്ങൾ എനിക്കുവേണ്ടി കരുതാതെ, എന്റെ ഫോട്ടോയെ വിലമതിക്കുന്നത് തുടരുകയാണെങ്കിൽ, നിങ്ങൾ ഏറ്റവും മൂഢനായ ഒരു വ്യക്തിയായിരിക്കും.

പഴയതും പുതിയതുമായ ഉടമ്പടിയുടെ കാര്യങ്ങൾ പരിഗണിക്കുമ്പോൾ, ഒരു വാഗ്ദത്തവും, ഒരു ശപഥവും, ഒരു ഉടമ്പടിയും, ഒരു നിയമവും തമ്മിലുള്ള വ്യത്യാസം നാം അറിഞ്ഞിരിക്കണം. ഒരു വാഗ്ദത്തം, ദൈവം നിങ്ങൾക്കുവേണ്ടി

ചിലതു ചെയ്യുമെന്ന് ദൈവം പറയുന്ന സാധാരണ വചനമാണ്. ഒരു ശപഥം, സാധാരണ വചനത്തിന്റെ ഉറപ്പിക്കലാണ്. ദൈവം തന്റെ സാധാരണയായ വാഗ്ദത്ത വചനത്തെ തന്റെ ശപഥം മുഖാന്തരം ഉറപ്പിച്ചുകൊടുത്തു (6:13, 17). ഒരു ശപഥത്താൽ വാഗ്ദത്തം ഉറപ്പിക്കപ്പെടുമ്പോൾ, അത് ഉടനെ ഒരു ഉടമ്പടിയായിത്തീരുന്നു. നാം ദൈവത്തിൽനിന്നു സ്വീകരിച്ചത് കേവലം ഒരു വാഗ്ദത്തമെന്ന നിലയിലുള്ള ഒരു സാധാരണ വചനമല്ല, ദൈവത്തിന്റെ ശപഥത്താൽ ഉറപ്പിച്ചതും അവന്റെ ദിവ്യ ആളത്തത്തെക്കൊണ്ട് മുദ്രയിട്ടതുമായ ഒരു ഉടമ്പടി, ഒരു കരാർ ആണ്. ഒരു വാഗ്ദത്തം ജനത്തെ ബന്ധിപ്പിക്കുന്നതിനെക്കാളധികം ഒരു ഉടമ്പടി എപ്പോഴും ജനത്തെ ബന്ധിപ്പിക്കുന്നു. ബന്ധിപ്പിക്കുന്ന ഈ ഉടമ്പടിയിൽ ഇനി വാഗ്ദത്തങ്ങളല്ല, മറിച്ച് നിവർത്തിക്കപ്പെട്ട വസ്തുതകളായ നാലു കാര്യങ്ങളാണുള്ളത്. ഈ വസ്തുതകളെല്ലാം ഉടമ്പടിയിൽ വ്യക്തമായി ഇനംതിരിച്ചിരിക്കുന്നു. ഉടമ്പടി ഒസ്യത്തായി നൽകപ്പെട്ട ഒരു വിൽപത്രം, അഥവാ ഒരു നിയമം ആയിത്തീരത്തക്കവണ്ണം ഉടമ്പടി ഉണ്ടാക്കിയവൻ മരിച്ചു. ഇപ്പോൾ ഉടമ്പടി ഇനിമേൽ ഒരു ഉടമ്പടിയല്ല, ഉടമ്പടി സ്ഥാപിച്ചവനാൽ ഒസ്യത്തായി നൽകപ്പെട്ട ഒരു നിയമമാണ്. ഒസ്യത്തായി നൽകപ്പെട്ട ഈ നിയമത്തിൽ, നിവർത്തിക്കപ്പെട്ട നാലു കാര്യങ്ങളും ഒസ്യത്തുകളായിത്തീർന്നിരിക്കുന്നു. അങ്ങനെ, ഈ കാര്യങ്ങൾ നിവർത്തിക്കുന്നതിനുവേണ്ടി നാം കാത്തിരിക്കുകയോ തന്റെ വാഗ്ദത്തം അവൻ ഓർക്കുന്നതിനും അവന്റെ വചനം കാക്കുന്നതിനും അവൻ വിശ്വസ്തനായിരിക്കുന്നതിന് നാം പ്രാർഥിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. സകലവും നിവർത്തിയായിരിക്കുന്നതുകൊണ്ട് നാം പ്രാർഥിക്കേണ്ട ആവശ്യമില്ല. നിവർത്തിക്കപ്പെട്ട വസ്തുതകളായ നാലു കാര്യങ്ങളിൽ ഓരോന്നും നമുക്ക് ഒസ്യത്തായി നൽകിയിരുന്നു. ഈ നാലു കാര്യങ്ങൾ വാഗ്ദത്തങ്ങളും വസ്തുതകളും മാത്രമല്ല, നാം അവകാശമാക്കുവാനും പങ്കെടുക്കുവാനും ആസ്വദിക്കുവാനുമുള്ള ഒസ്യത്തുകളുമാണ്. ഇന്നു നമുക്കുള്ളത് ഒരു വാഗ്ദത്തമോ വെറുമൊരു ഉടമ്പടിയോ പോലുമല്ല, മറിച്ച് ഒരു നിയമം, ഒരു വിൽപത്രം ആണ്, അത് വികസിതമായ ഒരു ഉടമ്പടിയാണ്. വികസിതമായ ഒരു ഉടമ്പടി, നിവർത്തിക്കപ്പെട്ട വസ്തുതകളോടുകൂടെ ഒസ്യത്തായി നൽകപ്പെട്ട ഒന്നാണ്, അവ നിറവേറ്റപ്പെട്ട വാഗ്ദത്തങ്ങളാണ്. വാഗ്ദത്തം നിറവേറ്റപ്പെടുമ്പോൾ, അത് ഉടമ്പടിയായിത്തീരുകയും, ഉടമ്പടി ഒസ്യത്തായി നൽകപ്പെടുമ്പോൾ അത് നിയമമായിത്തീരുകയും ചെയ്യുന്നു. വാഗ്ദത്തത്തിൽ നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ട കാര്യങ്ങളും, ഉടമ്പടിയിൽ നമുക്ക് നിവർത്തിക്കപ്പെട്ട വസ്തുതകളും, നിയമത്തിൽ നമുക്ക് ഒസ്യത്തുകളായി നൽകിയ നിവർത്തിക്കപ്പെട്ട വസ്തുതകളും ഉണ്ട്.

തന്റെ വാഗ്ദത്തങ്ങൾ ദൈവം നിറവേറ്റുന്നതിനോ വസ്തുതകൾ നിങ്ങൾക്കു തരുന്നതിനോ പ്രാർഥിക്കരുത്. എല്ലാ വാഗ്ദത്തങ്ങളും നിവർത്തിക്കപ്പെട്ട വസ്തുതകളായിത്തീരുകയും, നിവർത്തിക്കപ്പെട്ട വസ്തുതകളെല്ലാം നമുക്ക് ഒസ്യത്തായി നൽകപ്പെടുകയും ചെയ്തിരിക്കുന്നു. നാം അവയെ എടുക്കുകയും ആസ്വദിക്കുകയും മാത്രം ചെയ്യണം.

നിവർത്തിക്കപ്പെട്ട വസ്തുതകളും ഒസ്യത്തുകളുമായിത്തീർന്ന നാലു വാഗ്ദത്തങ്ങളെ നമുക്ക് ഒരിക്കൽക്കൂടെ നോക്കാം. ഒന്നാമത്തെ കാര്യം പാപത്തെ നീക്കിക്കളഞ്ഞു എന്നതാണ്. എന്നാൽ പാപം മടങ്ങിവരുന്നുവെന്നു കരുതുക. നിങ്ങൾ എന്തു ചെയ്യും? നിങ്ങൾ മുട്ടുകുത്തി ഇങ്ങനെ പ്രാർഥിക്കുമോ, "കർത്താവേ, നിന്റെ വാഗ്ദത്തം പാലിക്കേണമേ. കർത്താവേ, പാപത്തോട് ഇടപെടുമെന്ന് നീ എനിക്ക് വാഗ്ദത്തം ചെയ്തു, ഇപ്പോഴിതാ പാപം എന്നെ ശല്യംചെയ്യുവാൻ വന്നിരിക്കുന്നു. കർത്താവേ, പാപത്തോട് ഇടപെടുമെന്ന നിന്റെ വാഗ്ദത്തവചനം പാലിക്കണമേ." ഇത്തരത്തിലുള്ള പ്രാർഥനയ്ക്ക് കർത്താവ് ഒരിക്കലും ഉത്തരം നൽകുകയില്ല. അതുകൊണ്ടാണ് നിങ്ങളുടെ കോപത്തോട് ഇടപെടുവാൻ നിങ്ങൾ കർത്താവിനോട് എത്രയധികം ആവശ്യപ്പെടുന്നുവോ അത്രയുമധികം കോപം നിങ്ങൾക്കുണ്ടാകുന്നത്. നിങ്ങൾ ഈ രീതിയിൽ പ്രാർഥിക്കുമ്പോഴൊന്നും കർത്താവു നിങ്ങൾക്ക് ഉത്തരം നൽകുകയില്ല. നമ്മെ ശല്യപ്പെടുത്തുവാൻ പാപം വരുന്നുവെങ്കിൽ നാം അപ്പോൾ എന്താണു ചെയ്യേണ്ടത്? പാപത്തോടു പറയുക, "പാപമേ, നീ എവിടെനിന്നു വന്നു? നിന്നെ നീക്കിക്കളഞ്ഞിരിക്കുന്നുവെന്ന് നിനക്കറിയില്ലേ?" പാപത്തെ നീക്കിക്കളയുന്നത് നിയമത്തിലെ ഒരു ഒസ്യത്താണ്. അത് അങ്ങനെതന്നെയാണെന്ന് പ്രഖ്യാപിക്കുവാൻ തക്കവണ്ണം ലളിതനായിരിക്കുക. ഇത്തരത്തിലുള്ള വിശ്വാസം വളരെ കുറച്ചു ക്രിസ്ത്യാനികൾക്കു മാത്രമേ ഉള്ളൂ. ഈ ദർശനം ഞാൻ പ്രാപിച്ചതിനുശേഷവും, നിരവധി തവണ ഞാൻ പ്രാർഥിച്ചു, "കർത്താവേ, എന്റെ കോപത്തെ കരുതിക്കൊള്ളേണമേ. കർത്താവേ, അതിനെ ജയിക്കുവാൻ എനിക്ക് വളരെ പ്രയാസമാണ്. കർത്താവേ, എന്നെ സഹായിക്കാമെന്ന് നീ വാഗ്ദത്തം ചെയ്തിട്ടില്ലേ?" ഇതൊരു നല്ല പ്രാർഥനയാണെന്ന് തോന്നുമെങ്കിലും, വാസ്തവത്തിൽ ഇതൊരു ദോഷത്തമായ പ്രാർഥനയാണ്.

പുതിയ ഉടമ്പടിയിലെ രണ്ടാമത്തെ ഒസ്യത്ത്, ദൈവം തന്റെ ജീവനെ നമ്മിലേക്കു വച്ചിട്ടുണ്ടെന്നും ഈ ജീവൻ നമ്മുടെ ആന്തരിക ഭാഗങ്ങളിൽ നിരവധി പ്രമാണങ്ങളായി വികാസം പ്രാപിക്കുന്നു എന്നുമാണ്. ഇത് ഒരു വാഗ്ദത്തമല്ല, മറിച്ച് നിവർത്തിക്കപ്പെട്ടതും നാം ജനിക്കുന്നതിനും മുമ്പേ ഒസ്യത്തായി

നൽകപ്പെട്ടതുമായ ഒരു വസ്തുതയാണ്. നമ്മുടെ മാതാപിതാക്കൾ അവരുടെ ഭൗതികജീവൻ നമ്മിലേക്കു പകരുന്നതിനു മുമ്പ്, ദൈവം തന്റെ ജീവനെ നമ്മിലേക്ക് പകർന്നുകഴിഞ്ഞിരുന്നു. നിങ്ങൾ ഇത് വിശ്വസിക്കുന്നുവോ? നിവർത്തിക്കപ്പെട്ട ഈ വസ്തുത ക്രിസ്തുവിനാൽ നമ്മുടെ അവകാശമായി നമുക്ക് ഒസ്യത്തായി നൽകിയിരിക്കുന്നു. നാമെല്ലാവരും ഇത് കാണേണ്ടതാവശ്യമാണ്. നിങ്ങൾ അനഹേം പട്ടണം ഒരിക്കലും കണ്ടിട്ടില്ലെങ്കിൽ, ഈ പട്ടണത്തെക്കുറിച്ചു നിങ്ങൾ കേൾക്കുന്നത് വിശ്വസിക്കാൻ പ്രയാസമുണ്ടായിരിക്കാം, എന്നാൽ ഒരിക്കൽ നിങ്ങൾ അനഹേമിൽ വരുകയും നിങ്ങൾ ആ പട്ടണം കാണുകയും ചെയ്താൽ, നിങ്ങൾ കണ്ടത് വിശ്വസിക്കാതിരിക്കുന്നത് നിങ്ങൾക്ക് അസാധ്യമായിരിക്കും. അതുപോലെ, നാമെല്ലാവരും നമ്മുടെ ഒസ്യത്തുകൾ കാണണം. ഹല്ലേലൂയ്യാ, പാപം നീക്കിക്കളയപ്പെടുകയും, നാം ജനിക്കുന്നതിനുമുമ്പ് ദിവ്യജീവൻ നമ്മിലേക്ക് വയ്ക്കുകയും ചെയ്തിരിക്കുന്നു! ദിവ്യജീവനെ നമ്മുടെ ഉള്ളിൽ വച്ചുവെന്നു മാത്രമല്ല, അത് നമ്മുടെ ആളത്തത്തിന്റെ ഓരോ ഭാഗത്തിലും പ്രമാണങ്ങളായി വികാസം പ്രാപിച്ചുമിരിക്കുന്നു.

മൂന്നാമത്തെ ഒസ്യത്ത് ദൈവം നമുക്ക് ദൈവമായിരിക്കുകയും നാം അവന് ജനമായിരിക്കുകയും ചെയ്യുന്നതാണ്. ഈ രണ്ടു കാര്യങ്ങളും ജീവന്റെ പ്രമാണമനുസരിച്ചാണ്. പഴയ ഉടമ്പടിയിൽ ദൈവം അക്ഷരങ്ങളുടെ ബാഹ്യമായ ന്യായപ്രമാണമനുസരിച്ച് അവന്റെ ജനത്തിന് ദൈവമായിരിക്കുകയും, അവന്റെ ജനം അക്ഷരങ്ങളുടെ ന്യായപ്രമാണമനുസരിച്ച് അവന് ജനമായിരിക്കുകയും ചെയ്തു. എന്നാൽ പുതിയ ഉടമ്പടിയിൽ ദൈവം നമുക്കു ദൈവമായിരിക്കുന്നതും നാം അവന് ജനമായിരിക്കുന്നതും ആന്തരിക ജീവപ്രമാണമനുസരിച്ചാണ്. ഇത് ആന്തരികജീവന്റെ കാര്യമാണ്, ബാഹ്യമായ അറിവിന്റെ കാര്യമല്ല. പുതിയ ഉടമ്പടിയിൽ ദൈവം നമ്മോട് ഇടപെടുന്നത് ബാഹ്യമായ ചട്ടങ്ങൾക്കനുസൃതമായല്ല, ജീവന്റെ ആന്തരിക പ്രമാണങ്ങൾക്കനുസൃതമായാണ്; നാം അവനോടുകൂടെ ജീവിക്കുന്നത് അക്ഷരങ്ങളുടെ അറിവിനൊത്തവണ്ണമല്ല, ജീവബോധത്തിനൊത്തവണ്ണമാണ്.

നാലാമത്തെ ഒസ്യത്ത് ദൈവത്തെ അറിയുവാനുള്ള ആന്തരിക പ്രാപ്തിയാണ്. ദൈവത്തെ അറിയുവാനുള്ള ആന്തരിക പ്രാപ്തി നമുക്കുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? നമുക്ക് ഇങ്ങനെയുള്ള ഒരു ആന്തരിക പ്രാപ്തി ഉണ്ടെന്ന് നിങ്ങൾക്കെങ്ങനെ എന്നോട് തെളിയിക്കുവാൻ കഴിയും? ഉപദേശത്താൽ അതു തെളിയിക്കുവാൻ കഴിയുകയില്ല, എന്നാൽ നമ്മുടെ അനുഭവത്താൽ അതു തെളിയിക്കുവാൻ കഴിയും. ഒരു സഹോദരി ഷോപ്പിംഗിന് പോയപ്പോൾ അവിടെ വില്പനയ്ക്കായി

വച്ചിരിക്കുന്ന നിരവധി സാധനങ്ങൾ കാണുന്നുവെന്നു സങ്കല്പിക്കുക. അവൾ ഒരു സാധനം വാങ്ങുവാൻ തുനിയുമ്പോൾ അവളുടെ ഉള്ളിൽ എന്തോ പറയുന്നു, "അതിനെ തൊടരുത്. ദൈവം അത് ഇഷ്ടപ്പെടുന്നില്ല." അവൾ മറ്റൊരു സാധനം തിരഞ്ഞെടുക്കുവാൻ പോകുമ്പോൾ, ഉള്ളിൽ എന്തോ പറയുന്നു, "ദൈവത്തിന് ഇതും ഇഷ്ടമല്ല." ദൈവത്തെ അറിയുവാനുള്ള ആന്തരിക പ്രാപ്തി സഹോദരിമാർക്ക് ഉണ്ടെന്നു കാണിക്കുന്ന ഇത്തരത്തിലുള്ള അനുഭവം മിക്കവാറും എല്ലാ സഹോദരിമാർക്കും ഉണ്ടായിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്ക് ഈ പ്രാപ്തിയുണ്ടെന്നത് നിഷേധിക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല.

ദൈവത്തെ അറിയാനുള്ള പ്രാപ്തി തങ്ങൾക്കുണ്ടെന്ന് സഹോദരന്മാർക്കും അവരുടെ അനുഭവത്തിലൂടെ അറിയാം. സഹോദരന്മാരായ നമുക്ക് നമ്മെത്തന്നെ നീതീകരിക്കുന്ന ഒരു പ്രത്യേക സ്വഭാവമുണ്ട്. നിങ്ങളുടെ പ്രായം എത്രയായാലും, നിങ്ങൾ ഒരു പുരുഷനായിരിക്കുന്നിടത്തോളം, നിങ്ങളെത്തന്നെ നീതീകരിക്കുവാൻ ഇഷ്ടപ്പെടുന്നു. തന്റെ ഭർത്താവ് എപ്പോഴും സ്വയം നീതീകരിക്കുമെന്നും, തോൽക്കുവാൻ ഒരു കാര്യമില്ലെങ്കിൽപോലും, ഒരിക്കലും താൻ തോൽക്കുകയില്ലെന്നുമുള്ള രഹസ്യം പഠിച്ചിട്ടുള്ള ഒരുവളാണ് ഒരു നല്ല ഭാര്യ. നിങ്ങൾ ബുദ്ധിമതിയായ ഒരു ഭാര്യയാണെങ്കിൽ, നിങ്ങളുടെ ഭർത്താവുമായി പോരടിക്കുകയില്ല, കാരണം ഒരു ഭർത്താവും ആ വിഷയത്തിൽ തോൽക്കുകയില്ല. എന്നാൽ സഹോദരന്മാരായ നാം സ്വയം നീതീകരിക്കുവാൻ ശ്രമിക്കുമ്പോഴെല്ലാം, ദിവ്യസാന്നിധ്യം പെട്ടെന്ന് അപ്രത്യക്ഷമാകുകയും, അങ്ങനെയുള്ള നീതീകരണം ദൈവത്തിൽ നിന്നുള്ളതല്ലെന്ന് നാം അറിയുകയും ചെയ്യുന്നു. ഇത് അറിയുന്നതിന് അക്ഷരങ്ങളുടെ പ്രമാണമനുസരിച്ചുള്ള യാതൊരു പഠിപ്പിക്കലും നമുക്കാവശ്യമില്ല; ദൈവത്തെ അറിയുവാൻ ജീവനിലുള്ള ഒരു ആന്തരിക പ്രാപ്തി നമുക്കുണ്ട്.

നാം ജനിക്കുന്നതിനു മുമ്പേ ഈ നാലു കാര്യങ്ങളും നിവർത്തിക്കപ്പെടുകയും നമുക്ക് ഒസ്യത്തായി നൽകപ്പെടുകയും ചെയ്തെങ്കിലും, കർത്താവായ യേശുവിൽ നാം വിശ്വസിക്കുന്നതിനു മുമ്പ് നമുക്ക് അവയുടെ യാതൊരു അനുഭവവും ഉണ്ടായിരുന്നില്ല. നാം കർത്താവായ യേശുവിൽ വിശ്വസിച്ച ദിവസം മുതൽ ഈ നാലു കാര്യങ്ങളും നമ്മിലേക്ക് പണിതുചേർക്കപ്പെട്ടു. ഒരു ദിവസം നാം പറഞ്ഞു, "കർത്താവായ യേശുവേ, നീ എന്റെ രക്ഷകനാണ്. ഞാൻ നിന്നിൽ വിശ്വസിക്കുന്നു. നിന്റെ രക്തത്തിനായും നിന്റെ കഴുകലിനായും നിനക്ക് നന്ദി." ഇത് പ്രാർഥിച്ചതിനുശേഷം ഉടനെ, പുതിയ ഉടമ്പടിയുടെ നാലു കാര്യങ്ങളും നമുക്ക് യാഥാർഥ്യമാകുന്നു.

# I. പഴയ ഉടമ്പടി

## A. കുറവുള്ളതാകുന്നു

പുതിയ ഉടമ്പടി കാണുന്നതിന് ആദ്യം നാം പഴയ ഉടമ്പടി കാണണം. എബ്രായർ 8:7 പറയുന്നു, "ഒന്നാമത്തെ ഉടമ്പടി കുറ്റമറ്റതായിരുന്നു എങ്കിൽ, രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലായിരുന്നു." പഴയ ഉടമ്പടി ബലഹീനവും പ്രയോജനമില്ലാത്തതും ആയിരുന്നതുകൊണ്ട് അതിന് കുറവുണ്ടായിരുന്നു (7:18). എന്തുകൊണ്ട് അത് പ്രയോജനമില്ലാത്തതായിരുന്നു? കാരണം അത് യാഥാർഥ്യത്തിന്റെ ഒരു ചിത്രം മാത്രമായിരുന്നു, യാഥാർഥ്യമല്ലായിരുന്നു. മാത്രവുമല്ല, പഴയ ഉടമ്പടി ഒന്നിനും തികവു വരുത്തിയില്ല (7:19). പഴയ ഉടമ്പടി വെറുമൊരു നിഴൽ മാത്രമായിരുന്നതുകൊണ്ട് അതിന് ഒന്നിനും തികവു വരുത്തുവാൻ കഴിഞ്ഞില്ല. ഞാൻ നിങ്ങൾക്ക് എന്റെ ഫോട്ടോ അയച്ചുവെന്ന് കരുതുക, നിങ്ങൾ അതിൽ വിശ്വസിച്ചുകൊണ്ട് പറഞ്ഞു, "സഹോദരൻ ലീ, എന്നോടു സംസാരിക്കുക. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നിനക്കറിയില്ലേ? എന്തുകൊണ്ട് നീ , എന്നെ സ്നേഹിക്കുന്നില്ല? സഹോദരൻ ലീ, നിനക്കെന്തു പറ്റി? ഞാൻ നിന്നോട് വളരെയധികം സംസാരിച്ചിട്ടും നീ ഒരു വാക്കും പറയുന്നില്ലല്ലോ." ഈ രീതിയിൽ ഒരു ഫോട്ടോയെ അഭിസംബോധന ചെയ്യുന്നത് എത്ര വിഡ്ഢിത്തമായിരിക്കും. എന്നാൽ പഴയ ഉടമ്പടിയെന്ന ചിത്രത്തോട് ഇടപെടുകയും അതിൽനിന്നും വളരെയധികം തിരികെ പ്രതീക്ഷിക്കുകയും ചെയ്യുകൊണ്ട് യെഹൂദമതത്തിൽ അനേകർ ഇങ്ങനെയുള്ള വിഡ്ഢികളായിരുന്നു. എങ്കിലും യിരെമ്യാ പ്രവാചകൻ പ്രവചിച്ചത് ഒരു മേന്മയേറിയ ഉടമ്പടി ഉണ്ടായിരിക്കുമെന്നാണ് (യിരെ. 31:33-34). പഴയ ഉടമ്പടിയിൽ കുറവും ബലഹീനതയും പ്രയോജനമില്ലായ്മയും കണ്ടെത്തിയതുകൊണ്ടാണ് യിരെമ്യാവിന്റെ പ്രവചനം ഉണ്ടായത്.

## B. പഴയതായിത്തീരുകയും ജീർണിക്കുകയും ചെയ്യുന്നു

പഴയ ഉടമ്പടിയെ പരാമർശിക്കുമ്പോൾ എബ്രായർ 8:13 പറയുന്നു, "പുതിയ ഉടമ്പടി എന്നു പറയുന്നതിൽ അവൻ ആദ്യത്തേത് പഴയതാക്കിയിരിക്കുന്നു. എന്നാൽ പഴകിയും ജീർണിച്ചുംകൊണ്ടിരിക്കുന്നത് അപ്രത്യക്ഷമാകുന്നതിന് അടുത്തിരിക്കുന്നു." വരുവാനിരിക്കുന്ന പുതിയ ഉടമ്പടിയെക്കുറിച്ച് യിരെമ്യാവ് പ്രവചിച്ചപ്പോൾ, പഴയ ഉടമ്പടി പഴയതും ജീർണിച്ചതും ആയിത്തീർന്നുവെന്നാണ് സൂചിപ്പിച്ചത്. ഉടമ്പടിയുടെ ബലഹീനതയും പ്രയോജനമില്ലായ്മയും യിരെമ്യാവ് മനസ്സിലാക്കുകയും ഈ വിഷയത്തെക്കുറിച്ച് അവൻ ആഴമായി

ഭാരപ്പെടുകയും ചെയ്തിരിക്കണം. അതിനാൽ, അവനിലൂടെ കടന്നുവന്ന് സംസാരിക്കുവാനുള്ള ഒരു അവസരം ദൈവത്തിന് ലഭിച്ചു, "ഇതാ, ഞാൻ യിസ്രായേൽ ഗൃഹത്തിനും യെഹൂദാ ഗൃഹത്തിനും മേൽ പുതിയൊരു ഉടമ്പടി പരിണതമാക്കുന്ന നാളുകൾ വരുന്നു" (8:8). അത് യിരെമ്യാവിന് ഒരു വലിയ ആശ്വാസമായിരുന്നിരിക്കണം. പഴയ ഉടമ്പടി ജീർണിക്കുക മാത്രമല്ല, അത് അപ്രത്യക്ഷമാകുന്നതിന് അടുത്തിരിക്കുകയും, ഒടുവിൽ നിർത്തലാക്കപ്പെടുകയും ഇല്ലാതാക്കപ്പെടുകയും ചെയ്തു. നമ്മോടുകൂടെയുള്ള എബ്രായ സഹോദരീ സഹോദരന്മാരെ ഓർത്ത് ഞാൻ സന്തോഷിക്കുന്നു, കാരണം അവർ ഇനിമേൽ ജീർണിച്ച പഴയ ഉടമ്പടിയോടുകൂടെയല്ല, മറിച്ച് പുതുമയുള്ള പുതിയ ഉടമ്പടിയോടുകൂടെയാണ്.

## II. പുതിയ ഉടമ്പടി

### A. മേന്മയേറിയ ഉടമ്പടി

ക്രിസ്തു മേന്മയേറിയ ഉടമ്പടിയുടെ മധ്യസ്ഥനാണ് (8:6). ഒരു വ്യക്തിയുടെ യാഥാർഥ്യം അവന്റെ ചിത്രത്തെക്കാൾ മേന്മയേറിയതായിരിക്കുന്നതുപോലെ, പുതിയ ഉടമ്പടി പഴയ ഉടമ്പടിയെക്കാൾ മേന്മയേറിയതാണ്. ഒരു ചിത്രമെന്നപോലെ, പഴയ ഉടമ്പടിക്ക് ബാഹ്യരൂപം മാത്രമേ ഉണ്ടായിരുന്നുള്ളൂ, എന്നാൽ യഥാർഥ വ്യക്തിയെന്നപോലെ, പുതിയ ഉടമ്പടിക്ക് സകല യാഥാർഥ്യത്തോടുംകൂടെ ആന്തരിക ജീവനുണ്ട്. പഴയ ഉടമ്പടി ജീവനില്ലാത്തതായിരുന്നു, എന്നാൽ പുതിയ ഉടമ്പടി നശിപ്പിക്കാനാകാത്ത ജീവനാൽ സംരചിക്കപ്പെട്ടിരിക്കുന്നു. പുതിയ ഉടമ്പടിയിലുള്ള സകലതും യാഥാർഥ്യമായതുകൊണ്ട്, പുതിയ ഉടമ്പടിയിലുള്ള സകലതും പഴയ ഉടമ്പടിയിലുള്ള കാര്യങ്ങളെക്കാൾ മേന്മയേറിയതാണ്. ഇക്കാരണത്താൽ അത് മേന്മയേറിയ ഒരു ഉടമ്പടിയാണ്.

### B. മേന്മയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിച്ചു

മേന്മയേറിയ വാഗ്ദത്തങ്ങളിന്മേൽ പുതിയ ഉടമ്പടി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ വാഗ്ദത്തങ്ങൾ യിരെമ്യാവ് 31:31-34-ൽ നൽകപ്പെട്ടതും, എബ്രായർ 8:8-12-ലും 10:16-17-ലും ഉദ്ധരിക്കപ്പെട്ടതുമാണ്. ഈ വാഗ്ദത്തങ്ങളിൽ ചത്ത അക്ഷരങ്ങളുടെ പ്രമാണമല്ല, ജീവന്റെ പ്രമാണവും, ദൈവം ഉണ്ടായിരിക്കുന്നതിന്റെയും അവന്റെ ജനമായിരിക്കുന്നതിന്റെയും അനുഗ്രഹവും, ദൈവത്തെ അറിയാനുള്ള ആന്തരിക പ്രാപ്തിയും ഉണ്ട്. ഈ മൂന്നു കാര്യങ്ങളും ദൈവത്താലുള്ള വീണ്ടുംജനനത്തിൽ നമ്മിലേക്കു പകരപ്പെട്ട ദിവ്യ ജീവനാലുള്ളതാണ്. കൂടാതെ, ഈ മേന്മയേറിയ

വാഗ്ദത്തങ്ങളിൽ മോശെയുടെ ന്യായപ്രമാണത്തിൻകീഴിലുള്ള കേവലം പാപം മറയ്ക്കുന്നതു മാത്രമല്ല, പാപക്ഷമയുമുണ്ട്. പാപങ്ങളെ നീക്കിക്കളയുന്ന പാപക്ഷമ പാപങ്ങളെ ഒരിക്കലും നീക്കിക്കളയാത്ത പാപങ്ങളുടെ മറയ്ക്കലിനെക്കാൾ മേന്മയേറിയതാണ്. ജീവന്റെ പകർച്ചയും പാപക്ഷമയും നിമിത്തം ഇവയെല്ലാം മേന്മയേറിയ വാഗ്ദത്തങ്ങളാണ്.

## C. പഴയ ഉടമ്പടിയെ പകരം വയ്ക്കുന്നു

പുതിയ ഉടമ്പടി പഴയ ഉടമ്പടിക്ക് പകരം വച്ചിരിക്കുന്നു (8:7, 13). ഒരു യഥാർഥ വ്യക്തി വരുമ്പോൾ, അവൻ തന്റെ ഫോട്ടോയ്ക്ക് പകരമാകുന്നു, കാരണം യാഥാർഥ്യം ചിത്രത്തെ, നിഴലിനെ, പകരം വയ്ക്കുന്നു. പഴയ ഉടമ്പടിക്ക് കുറവുണ്ടായിരിക്കുകയും, അത് പഴയതും ജീർണിച്ചതുമായിത്തീരുകയും, അപ്രത്യക്ഷമാകുന്നതിന് അടുത്തിരിക്കുകയും ചെയ്തിരുന്നു; പുതിയ ഉടമ്പടി അതിനെ പകരം വയ്ക്കുവാൻ പരിണതമായുമിരിക്കുന്നു. ഇപ്പോൾ പഴയ ഉടമ്പടിയിൽ ആരെങ്കിലും തുടരുന്നത് അർഥശൂന്യമാണ്.

## D. ഉള്ളടക്കങ്ങൾ

### *1. ജീവപ്രമാണത്തിന്റെ പകർച്ച*

#### *a. ഒരു പ്രമാണം നിരവധി പ്രമാണങ്ങളായിത്തീരുന്നു*

പുതിയ ഉടമ്പടിയുടെ ഉള്ളടക്കങ്ങൾ എന്തൊക്കെയാണ്? ഉള്ളടക്കത്തിൽ നാലു കാര്യങ്ങൾ ഉൾപ്പെടുന്നു, അതിൽ ഒന്നാമത്തേത് ജീവപ്രമാണത്തിന്റെ പകർച്ചയാണ്. വാക്യം 10 പറയുന്നു "ആ നാളുകൾക്കുശേഷം യിസ്രായേൽ ഗൃഹത്തോട് ഞാൻ ഉടമ്പടി ചെയ്യുവാൻ പോകുന്ന ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ മനസ്സിലേക്ക് പകരും, അവരുടെ ഹൃദയങ്ങളിന്മേൽ ഞാൻ അവയെ കൊത്തിവയ്ക്കും." ഈ ഉദ്ധരണിയുടെ ഉറവിടമായ യിരെമ്യാവ് 31:33-ൽ, പ്രമാണങ്ങൾ എന്ന പദം ഏകവചനമാണ്, നിരവധി പ്രമാണങ്ങളായി വ്യാപിക്കുന്ന ഒരു പ്രമാണമാണിതെന്ന് അതു തെളിയിക്കുന്നു. നിരവധി പ്രമാണങ്ങളായി വികസിക്കുന്ന ഒരു പ്രമാണം ജീവപ്രമാണമാണ് (റോമ. 8:2). ഓരോ ജീവനും ഒരു പ്രമാണമുണ്ട്. ഉന്നതമായ ജീവന് അതിന്റെ പ്രമാണവും ഉന്നതമാണ്. നാം ദൈവത്തിൽനിന്നു സ്വീകരിക്കുന്ന ദിവ്യജീവനാണ് ഏറ്റവും ഉന്നതമായത്; അതുകൊണ്ട്, അതിന് ഇവിടെ പരാമർശിച്ചിരിക്കുന്ന പ്രമാണമായ ഏറ്റവും ഉന്നതമായ പ്രമാണമുണ്ട്. തന്റെ ദിവ്യജീവനെ നമ്മിലേക്ക് പകരുന്നതിലൂടെ, ദൈവം ഈ ഏറ്റവും ഉന്നത പ്രമാണത്തെ

നമ്മുടെ ആത്മാവിലേക്ക് വയ്ക്കുകയും, അവിടെനിന്ന് അത് നമ്മുടെ മനസ്സ്, വികാരം, ഇച്ഛാശക്തി എന്നീ നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്ക് വ്യാപിച്ച് നിരവധി പ്രമാണങ്ങളായിത്തീരുകയും ചെയ്യുന്നു. നമുക്കെല്ലാവർക്കും ഇത് അനുഭവത്തിലൂടെ അറിയാം. നാം കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചപ്പോൾ ദിവ്യജീവൻ നമ്മുടെ ആത്മാവിലേക്കു വന്നു. ക്രമേണ, ഈ ജീവനിൽ നാം വളർന്നു കൊണ്ടിരുന്നപ്പോൾ, ഈ ജീവന് നമ്മുടെ ആത്മാവിൽനിന്ന് നമ്മുടെ എല്ലാ ആന്തരിക ഭാഗങ്ങളിലേക്കും വികസിക്കുവാനുള്ള അവസരം ഉണ്ടായിരുന്നു. ഈ ജീവൻ നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്ക് വികസിക്കുമ്പോൾ, അവിടെയുള്ള ഓരോ ഭാഗത്തും നമ്മെ നിയന്ത്രിക്കുന്നതിനുള്ള ഒരു പ്രമാണം ഉണ്ടായിരിക്കും. ആ ഒരു ജീവപ്രമാണത്തിൽനിന്ന് നിരവധി പ്രമാണങ്ങൾ വികസിക്കുന്നു.

ഈ ജീവപ്രമാണം അക്ഷരങ്ങളുടെ പ്രമാണത്തിൽനിന്നും വ്യത്യസ്തമാണ്. ജീവപ്രമാണം ഉള്ളിൽനിന്ന്, അതിന്റെ ജീവമൂലകത്താലും ജീവമൂലകത്തിനനുസൃതമായും നമ്മെ നിയന്ത്രിക്കുന്നു, എന്നാൽ അക്ഷരങ്ങളുടെ പ്രമാണം പുറമെനിന്ന്, ചത്ത അക്ഷരങ്ങളാലും ചത്ത അക്ഷരങ്ങൾക്കനുസൃതമായും നമ്മെ നിയന്ത്രിക്കുന്നു. ചത്ത അക്ഷരങ്ങളുടെ പ്രമാണം പുറമെയുള്ള ഉപദേശങ്ങളെ ആശ്രയിച്ചിരിക്കുന്നു, എന്നാൽ ജീവന്റെ പ്രമാണം അകമെയുള്ള ജീവബോധത്തെ ആശ്രയിച്ചിരിക്കുന്നു. വലിയവരോ ചെറിയവരോ ആയ നമുക്കെല്ലാവർക്കും ഈ ജീവപ്രമാണമുള്ളതിനാൽ, അക്ഷരങ്ങളുടെ പ്രമാണമനുസരിച്ചുള്ള പുറമെയുള്ള ഉപദേശങ്ങൾ നമുക്കാവശ്യമില്ല (8:11).

### *b. നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്ക് പകർന്നിരിക്കുന്നു*

ജീവന്റെ പ്രമാണം നമ്മുടെ ആത്മാവിലേക്ക് പകരപ്പെട്ടിരിക്കുന്നു; നമ്മുടെ ആത്മാവിൽനിന്നും അത് നമ്മുടെ മനസ്സിലേക്കും നമ്മുടെ എല്ലാ ആന്തരിക ഭാഗങ്ങളിലേക്കും വ്യാപിക്കുന്നു (വാ. 10). യിരെമ്യാവ് 31:33-ൽ, "മനസ്സ്" എന്നതിന് "ഉള്ളിലാക്കി" എന്ന് ഉപയോഗിച്ചിരിക്കുന്നു. മനസ്സ് ഉള്ളിലുള്ള ഭാഗങ്ങളിൽ ഒന്നാണെന്ന് ഇതു തെളിയിക്കുന്നു. ഉള്ളിലുള്ള ഭാഗങ്ങൾ എന്ന പ്രയോഗത്തിന്റെ വ്യാഖ്യാനം കൂടിയാണിത്. ഉള്ളിലുള്ള ഭാഗങ്ങളിൽ മനസ്സും വികാരവും ഇച്ഛയും ഉൾപ്പെടുന്നു, അവ വാക്യം 10-ലെ താഴെപ്പറയുന്ന ഭാഗത്തിൽ സൂചിപ്പിക്കുന്ന ഹൃദയത്തെ രൂപീകരിക്കുന്നു.

### *c. നമ്മുടെ ഹൃദയങ്ങളിൽ കൊത്തിവച്ചിരിക്കുന്നു*

കർത്താവു തന്റെ പ്രമാണങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ കൊത്തിവയ്ക്കുമെന്ന് വാക്യം 10 പറയുന്നു. ഒന്നാമതായി, ദൈവം

തന്റെ പ്രമാണങ്ങൾ നമ്മിലേക്ക് പകരുന്നു; പിന്നീട് അവൻ അവയെ നമ്മുടെമേൽ കൊത്തിവയ്ക്കുന്നു. ജീവപ്രമാണത്തെ സംബന്ധിച്ച നമ്മുടെ അനുഭവങ്ങളാലാണ് അവൻ കൊത്തിവയ്ക്കുന്നത്. നാം എത്രത്തോളം ജീവപ്രമാണം അനുഭവമാക്കുന്നുവോ അത്രത്തോളം അതിലെ പ്രമാണങ്ങൾ നമ്മുടെ ഹൃദയത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൊത്തിവയ്ക്കപ്പെടും. നമ്മുടെ അനുഭവങ്ങളിലൂടെ അവ നമ്മുടെ ആന്തരിക ആളത്തത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സംരചിക്കപ്പെടും.

## *2. ദൈവം ഉണ്ടായിരിക്കുന്നതിന്റെയും അവന്റെ ജനമായിരിക്കുന്നതിന്റെയും അനുഗ്രഹം*

പുതിയ ഉടമ്പടിയുടെ രണ്ടാമത്തെ കാര്യം ദൈവമുണ്ടായിരിക്കുന്നതിന്റെയും അവന്റെ ജനമായിരിക്കുന്നതിന്റെയും അനുഗ്രഹമാണ്. വാക്യം 10-ന്റെ അവസാന ഭാഗം പറയുന്നു, "ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ഒരു ജനവുമാകും." പുതിയ ഉടമ്പടിയിൽ, ദൈവം നമ്മുടെ ദൈവവും അവന്റെ ജനവുമായിരിക്കുന്നതിന്റെ വിശേഷാധികാരം—ദൈവവുമായുള്ള കൂട്ടായ്മയിൽ അവനെ ആസ്വദിക്കുന്നതിൽ നാം പങ്കെടുക്കുവാനുള്ള ജീവന്റെ പര്യാപ്തത നമുക്കുണ്ട്. പഴയ ഉടമ്പടിയിൻകീഴിലുള്ള ജനത്തിന് പത്തു കൽപനകൾ അനുസരിച്ചുള്ള ദൈവമുണ്ടായിരുന്നു. ദൈവം അവർക്ക് ദൈവമായിരുന്നത് അക്ഷരങ്ങളുടെ പഴയ പ്രമാണമനുസരിച്ചായിരുന്നു, അവർ അവന്റെ ജനമായിരുന്നതും അക്ഷരങ്ങളുടെ പ്രമാണമനുസരിച്ചായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ ദൈവം നമ്മുടെ ദൈവമായിരിക്കുന്നത് അക്ഷരങ്ങൾക്കൊത്തവണ്ണമല്ല, ആന്തരിക ജീവനൊത്തവണ്ണമാണ്; നാം അവന്റെ ജനമായിരിക്കുന്നതും എഴുതപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കൊത്തവണ്ണമല്ല, ആന്തരിക ജീവനൊത്തവണ്ണമാണ്. ജീവന്റെ പ്രമാണമനുസരിച്ചാണ് ദൈവം നമുക്ക് ദൈവവും, നാം അവന് ജനവും ആയിരിക്കുന്നത്. ഇന്ന് നമ്മോടുള്ള ദൈവത്തിന്റെ ബന്ധം പൂർണ്ണമായും ജീവന്റെ പ്രമാണത്തെ അടിസ്ഥാനമാക്കിയാണ്; ഇത് ജീവനിലുള്ള ഒരു ബന്ധമാണ്. അതിനാൽ നാം ഇന്ന് അക്ഷരങ്ങളുടെ പ്രമാണത്തിന്റെ അറിവിനൊത്തവണ്ണമല്ല, ജീവപ്രമാണത്തിന്റെ ബോധത്തിനൊത്തവണ്ണമാണ് നടക്കേണ്ടത്.

ഉദാഹരണത്തിന്, രാവിലെ നാം എത്ര മണിക്ക് ഉണരണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെന്ന് പുതിയനിയമത്തിൽ ഒരു വാക്യം കണ്ടെത്തുക വളരെ പ്രയാസമാണ്. അപ്പോൾ നാം ഏതു സമയത്ത് എഴുന്നേൽക്കണമെന്ന് നാം എങ്ങനെ അറിയും? അക്ഷരങ്ങളുടെ ബാഹ്യമായ ഏതെങ്കിലും ചട്ടത്താലല്ല, മറിച്ച് ഉള്ളിലെ ജീവനാൽ നമുക്ക് അത് അറിയുവാൻ കഴിയും. നാളെ

രാവിലെയാകുമ്പോൾ, നാം എഴുന്നേൽക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന സമയം ആന്തരിക ജീവൻ നമ്മോടു പറയും. ആ സമയത്ത് നാം എഴുന്നേൽക്കുന്നില്ലെങ്കിൽ, നമുക്ക് ദൈവത്തിന്റെ സാന്നിധ്യം നഷ്ടമാകും. മറ്റൊരു ഉദാഹരണം മുടിമുറിക്കുന്ന കാര്യമാണ്. നാം ദൈവത്തിന്റെ ജനമാണെന്ന് യുവാക്കളെല്ലാവരും മനസ്സിലാക്കണം. ദൈവത്തിന്റെ ജനമെന്ന നിലയിൽ നാം എങ്ങനെയാണ് മുടിമുറിക്കേണ്ടത്? മുടിമുറിക്കുക എന്ന പ്രയോഗം വേദപുസ്തകത്തിൽ ഇല്ലാത്തതുകൊണ്ട് എത്ര ചെറുതായി, അല്ലെങ്കിൽ എത്ര നീളത്തിൽ നമ്മുടെ മുടി മുറിക്കണമെന്ന് നമുക്കെങ്ങനെ അറിയുവാൻ കഴിയും? ജീവപ്രമാണത്താൽ നമുക്ക് അത് അറിയുവാൻ കഴിയും. ആന്തരിക ജീവപ്രമാണമനുസിച്ച് നാം പോകുന്നുവെങ്കിൽ, നമ്മുടെ മുടി എത്ര ചെറുതായിരിക്കണമെന്നോ അല്ലെങ്കിൽ എത്ര നീളമുള്ളതായിരിക്കണമെന്നോ നാം അറിയും.

### *3. കർത്താവിനെ അറിയുവാനുള്ള ആന്തരിക പ്രാപ്തി*

പുതിയ ഉടമ്പടിയിൽ ജീവപ്രമാണത്തിന്റെ പ്രവർത്തനമുണ്ട്, അതിലൂടെ ജീവന്റെ ആന്തരിക മാർഗത്തിൽ നാം ദൈവത്തെ അറിയുന്നു. വാക്യം 11 പറയുന്നു: "അവരിൽ ആരും ഒരുവിധത്തിലും തന്റെ സഹപൗരനെയും തന്റെ സഹോദരനെയും, കർത്താവിനെ അറിയുവിൻ എന്നു പറഞ്ഞുകൊണ്ട് ഉപദേശിക്കുകയില്ല; അവരുടെ ഇടയിൽ ചെറിയവൻ മുതൽ വലിയവൻ വരെ എല്ലാവരും എന്നെ അറിയും." നാം ജീവബോധത്താൽ കർത്താവിനെ അറിയുന്നതുകൊണ്ട് പുറമെയുള്ള ഉപദേശങ്ങളുടെ ആവശ്യമില്ല. നമുക്ക് ഇനി ഉപദേശങ്ങൾ ആവശ്യമില്ലെന്നു പറയുന്നതുകൊണ്ട് ചിലർ നമ്മെ എതിർക്കുന്നു. അവർ കേവലം നമ്മെയല്ല എതിർക്കുന്നത്, അവർ വേദപുസ്തകത്തെയാണ് എതിർക്കുന്നത്. നമുക്ക് ഉള്ളിൽ ജീവബോധമുള്ളതുകൊണ്ട് നമുക്ക് ഉപദേശങ്ങളുടെ ആവശ്യമില്ലെന്ന് വേദപുസ്തകമാണ് പറയുന്നത്.

അറിയുക എന്നതിന് ഈ വാക്യത്തിൽ രണ്ട് യവനപദങ്ങൾ ഉപയോഗിച്ചിരിക്കുന്നു: ആദ്യത്തേത് *ജിനോസ്കോ,* അത് ബാഹ്യവും വസ്തുനിഷ്ഠവുമായ അറിവിനെ സൂചിപ്പിക്കുന്നു: രണ്ടാമത്തേത് *ഒയിഡാ,* അത് ആന്തരികവും വ്യക്തിനിഷ്ഠവുമായ ബോധത്തെ സൂചിപ്പിക്കുന്നു. യോഹന്നാൻ 8:55-ൽ കർത്താവായ യേശു പരീശന്മാരോട് അവർ പിതാവായ ദൈവത്തെ (ബാഹ്യവും വസ്തുനിഷ്ഠവുമായ അറിവിൽ പോലും) അറിഞ്ഞിട്ടില്ലെന്ന് (*ജിനോസ്കോ*) പറഞ്ഞു, എന്നാൽ പിതാവിനെ അവൻ (ആന്തരികവും വ്യക്തിനിഷ്ഠവുമായ ബോധത്തിൽ) അറിയുന്നു (*ഒയിഡാ*).

### *4. നമ്മുടെ അനീതികൾക്കുള്ള അനുനയവും നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതും*

പുതിയ ഉടമ്പടിയുടെ ഉള്ളടക്കത്തിലെ അവസാനത്തേത് നമ്മുടെ അനീതികൾക്കു വേണ്ടിയുള്ള അനുനയവും നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതുമാണ്. എബ്രായർ 8:12 പറയുന്നു, "ഞാൻ അവരുടെ അനീതികളോട് അനുനയമുള്ളവനാകും, അവരുടെ പാപങ്ങളെ ഇനിമേൽ ഒരുവിധത്തിലും ഞാൻ ഓർക്കുകയില്ല." അനുനയവമുള്ളവനാകുക എന്നത് നമ്മുടെ പാപങ്ങൾക്കുവേണ്ടി അനുനയം വരുത്തുക എന്നതാണ്. ദൈവത്തിന്റെ നീതിയെ പ്രീണിപ്പിക്കുന്നതിന്, ദൈവത്തിന്റെ നീതിയുടെ ആവശ്യകതയെ തൃപ്തിപ്പെടുത്തുന്നതിലൂടെ നമ്മെ നിരപ്പിക്കുന്നതിന്, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി അനുനയം വരുത്തി (2:17). ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി അനുനയം വരുത്തിയതുകൊണ്ട് ദൈവം നമ്മോട് അനുനയമുള്ളവനാണ്. ഈ അനുനയത്തിന്റെ അടിസ്ഥാനത്തിൽ ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നു. "അവരുടെ പാപങ്ങളെ ഇനിമേൽ ഒരുവിധത്തിലും ഞാൻ ഓർക്കുകയില്ല" എന്ന് 8:12-ൽ കർത്താവ് നമ്മോടു പറഞ്ഞിരിക്കുന്നു. ദൈവം നമ്മുടെ പാപങ്ങളെ മറക്കുമെന്ന് ഇവിടെ നാം കാണുന്നു. ക്ഷമിക്കുകയെന്നാൽ മറക്കുക എന്നാണർത്ഥം, കാരണം പാപങ്ങളെ മറക്കുന്നതാണ് യഥാർത്ഥമായ പാപക്ഷമ. നിങ്ങൾ എന്നോട് ക്ഷമിക്കുന്നുവെങ്കിൽ, അത് അർത്ഥമാക്കുന്നത് നിങ്ങൾ എന്റെ കുറ്റങ്ങൾ മറക്കണമെന്നാണ്. മറക്കുന്നില്ലെങ്കിൽ, ക്ഷമിക്കുന്നത് യഥാർത്ഥമല്ല. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുക മാത്രമല്ല, നമ്മുടെ പാപങ്ങളെ മറക്കുകയും ചെയ്യുന്നു.

പുതിയ ഉടമ്പടിയിലെ പ്രാഥമിക അനുഗ്രഹം ദിവ്യജീവന്റെ പകർച്ചയാണ്, അത് ആന്തരിക ജീവപ്രമാണത്തെയും, ദൈവം ഉണ്ടായിരിക്കുന്നതിന്റെയും അവന്റെ ജനമായിരിക്കുന്നതിന്റെയും അനുഗ്രഹത്തെയും, കർത്താവിനെ അറിയുവാനുള്ള ആന്തരിക പ്രാപ്തിയെയും കൊണ്ടുവരുന്നു. ദൈവം ഇത് ചെയ്യുന്നതിന്, നമ്മുടെ അനീതികളോട് അവൻ അനുനയമുള്ളവനും നമ്മുടെ പാപങ്ങൾ മറക്കുകയും ചെയ്യണമായിരുന്നു. നമ്മുടെ അനീതികൾക്കു വേണ്ടിയുള്ള അനുനയവും നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നതും തന്റെ ജീവനെ നമ്മിലേക്കു പകരുന്നതിനുള്ള അടിത്തറ അവനു നല്കുന്നു. വാക്യം 12-ലെ "എന്തെന്നാൽ" എന്ന ചെറിയ പദം ഇതു തെളിയിക്കുന്നു. അവൻ നമ്മിലേക്കു ജീവൻ പകരുന്നു, "എന്തെന്നാൽ" അവൻ നമ്മുടെ അനീതികളോട് അനുനയമുള്ളവനും നമ്മുടെ പാപങ്ങൾ മറക്കുന്നവനും ആകുന്നു. ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിനു വേണ്ടിയുള്ള അവന്റെ പ്രാരംഭ ഇംഗിതം തന്റെ ജീവനെ നമ്മിലേക്കു പകരുക

എന്നതായിരുന്നു, എന്നാൽ ഇതിനെ തടസ്സപ്പെടുത്തുവാൻ പാപം കടന്നുവന്നു. തന്റെ പ്രാരംഭ ഉദ്ദേശ്യം നിർവഹിക്കുന്നതിന്, തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനായി അവൻ ദിവ്യജീവനെ നമ്മിലേക്ക് പകരേണ്ടതിന് നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവം ക്രിസ്തുവിലൂടെ അനുനയം വരുത്തുകയും നമുക്ക് പാപക്ഷമ നൽകുകയും ചെയ്തു. ഈ ദിവ്യജീവൻ ജീവന്റെ പ്രമാണത്തെ, ദൈവവുമായി ജീവനിലുള്ള നമ്മുടെ ബന്ധത്തെയും, കർത്താവിനെ അറിയുവാനുള്ള ആന്തരിക പ്രാപ്തിയെയും കൊണ്ടുവരുന്നു. പുതിയ ഉടമ്പടിയിൽ, ജീവനെ അതിന്റെ സമ്പത്തോടുകൂടെ കൊണ്ടുവരുകയും പാപത്തെ അതിന്റെ പാപസ്വഭാവത്തോടുകൂടെ നീക്കിക്കളയുകയും ചെയ്തു. ഇതാണ് പുതിയ ഉടമ്പടിയുടെ ഉള്ളടക്കം. കർത്താവിനു സ്തോത്രം!